(സി) എങ്കിൽ പ്രസ്തുത ഉത്തരവിലെ വിശദവിവരങ്ങൾ നൽകുമോ ;

(ഡി) ഈ ഉത്തരവനുസരിച്ചുള്ള അന്വേഷണം നടത്തിയോ ; അന്വേഷണ ഫലമെന്തെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സെന്ററിൽ പി. എസ്. സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ഉള്ള നിയമനത്തിന് വ്യവസ്ഥയില്ല. സെന്ററിലെ നിയമനങ്ങൾ സെന്റർ നേരിട്ട് നടത്തി വരുന്നു. സെന്ററിൽ എല്ലാം കൂടി 999 ജീവനക്കാരുണ്ട്.

(ബി-ഡി) ഒരു കേസിൽ (ഒ. പി. നം. 21588/98) ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ വിജിലൻസ് വകുപ്പിനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി വിധിക്കെതിരെ സെന്റർ നല്കിയ റിട്ട് അപ്പീലിൽ ഡിവിഷൻ ബഞ്ച് ടി വിധി അസ്ഥിരപ്പെടുത്തി. അതിനാൽ തുടർ നടപടികൾ ഉണ്ടായിട്ടില്ല.

ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കാൻ നടപടി

100 (2976) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതോടെ ലൈബ്രേറിയൻ തസ്തികൾ സൃഷ്ടിക്കാൻ കഴിയും.

സംസ്ഥാനത്ത് കോളേജുകളിൽ നിന്നും പ്രീഡിഗ്രി ഡീലിങ്കിംഗ്

101 (2977) ശ്രീ. കെ. സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോളേജുകളിൽ നിന്നും പ്രീഡിഗ്രി ഡീലിങ്കിംഗ് ചെയ്തു കൊണ്ടുള്ള നടപടി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് ഉത്തരവ് എപ്പോഴാണ് പുറപ്പെടുവിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കോളേജുകളിൽ 'ലക്ചറർ' തസ്തികയിലേക്കുള്ള നിയമനം എന്നത്തേക്ക് പുനരാരംഭിക്കും എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly